# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6343 | 03.04.2018-ൽ മറുപടിയ്ക്ക്

### കലാ പ്രവർത്തകർക്കും സാംസ്കാരിക സംഘടനകൾക്കും സാമ്പത്തിക സഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ദാസൻ :** | | **ശ്രീ.എ.കെ.ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി** | |
| (എ) | മതനിരപേക്ഷ ജനാധിപത്യ സാംസ്കാരിക ജീവിതം പ്രോത്സാഹിപ്പിക്കുവാൻ പൊതു ഇടങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് സാംസ്കാരികവകുപ്പ് വഴി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ; | (എ) | കേരളത്തിന്റെ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും മുന്നോടിയായി ബഹു.മുഖങ്ങളായ ഇടപെടലുകൾ നടത്തി വരുന്നുണ്ട്.ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സമുച്ചയ നിർമ്മാണത്തിന് സ്ഥലം ലഭ്യമായ ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രാദേശിക കലാകാരന്മാർക്കും കലാകാരികൾക്കും തങ്ങളുടെ കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് എല്ലാ മണ്ഡലങ്ങളിലും സ്ഥിരം വേദി ഒരുക്കാൻ തയ്യാറാകുമോ; | (ബി) | പ്രാദേശിക കലാകാരന്മാർക്കും കലാകാരികൾക്കും തങ്ങളുടെ കല പരിപോഷിപ്പിക്കുന്നതിനും ജില്ലാ സാംസ്കാരിക സമുച്ചയങ്ങൾക്ക് പുറമേ ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും "നാട്ടരങ്ങ് " എന്ന പദ്ധതിയിൻ കീഴിൽ കലാവതരണ വേദികൾ നിർമ്മിക്കുന്നുണ്ട്. |
| (സി) | ഇത്തരം വേദികളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിന് സന്നദ്ധരാകുന്ന കലാ പ്രവർത്തകർക്കും സാംസ്കാരിക സംഘടനകൾക്കും സാമ്പത്തിക സഹായം നൽകാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കലാ സാംസ്കാരിക സ്ഥാപനങ്ങളുടേയും സംഘടനകളുടേയും പ്രവർത്തനങ്ങൾക്ക് ഏകോപനവും സമന്വയവും ഉറപ്പാക്കാനായി ഒരു ഉന്നത സാംസ്കാരിക കൗൺസിൽ രൂപീകരിക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു. സമിതി പൂർണ്ണ നിലയിൽ നിലവിൽ വരുന്ന മുറയ്ക്ക് കലാ സാംസ്കാരിക സംഘടനകൾക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

Sindhu

**സെക്ഷൻ ഓഫീസർ**